കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.3/1549/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയതി: 01.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

| | |
|---|---|
| വിഷയം | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച് |

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ(ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

# കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 22.10.18 മുതൽ 17.09.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ . എം . പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.19മുതൽ 01.10.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സിന്ധു. ടി . പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ.ലീലാകൃഷ്ണൻ എൻ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ എം വി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ ഐ വി നാരായണൻ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ രാമകൃഷ്ണൻ കെ | 01.04.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ജോമിലി ജോസ് | 01.04.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.അനുമോൾ ജോസഫ് | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സ്നേഹേഷ്.കെ | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ 1 | ശ്രീമതി.ഗീത പി പി | 01.04.18 മുതൽ 10.01.19 വരെ |
| | ശ്രീ. കമാലുദ്ദീൻ.എൻ.പി | 11.01.19 മുതൽ 31.03.19 വരെ |
| വി ഇ ഒ 11 | ശ്രീ. കമാലുദ്ദീൻ.എൻ.പി | 01.04.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | ഡോ.സിനി.എൻ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.നിമിഷ ഒ | 01.04.18 മുതൽ 03.10.18 വരെ |
| | ഡോ.എ.വിജയ | 04.10.18മുതൽ 25.10.18വരെ |
| | ഡോ.ഹന.പി.വി | 26.10.18മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജു.ടി.എസ് | 01.04.18 മുതൽ 14.06.18 വരെ |
| | ശ്രീമതി.ശോഭന.കെ.എം | 15.06.18മുതൽ 31.03.19 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി നിമ്മി എം കെ | 01.04.18 മുതൽ 17.09.18വരെ |
| | ശ്രീമതി ജയമിനി കെ. | 18.09.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അശോക് കുമാർ കെ പി | 01.04.18 മുതൽ 20.06.18 വരെ<br>(21.06.18 ഒഴിവ്) |
| | ശ്രീ ജിതേഷ്.പി കെ | 22.06.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദിയ കെ വി | 01.04.18 മുതൽ31.03.19 വരെ |
| സെക്രട്ടറി | ശ്രീ.രാമകൃഷ്ണൻ .കെ | 01.04.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് ബാലൻസ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി-പ്യൂരിഫിക്കേഷൻ -അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കാത്തത് |
| 14 | 1-14 | ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വാണിജ്യസ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| 15 | 1-15 | മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. |
| 16 | 1-16 | പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനം പ്രവർത്തിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. |
| 17 | 1-17 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല |
| 18 | 1-18 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-ഗുരുതരമായ അപാകങ്ങൾ |

| | | |
|---|---|---|
| 19 | 1-19 | യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല-103668 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. |
| 20 | 1-20 | ക്ഷീരകർഷകർക്ക് സബ്സിഡി-സർക്കാർ ഉത്തരവിൽ വ്യക്തമാക്കപ്പെട്ടത് പ്രകാരം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |
| 21 | 1-21 | പാലിയേറ്റീവ് കെയർ പദ്ധതി- നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല |
| 22 | 1-22 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി--വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 23 | 1-23 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല |
| 24 | 1-24 | പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണ പദ്ധതി |
| 25 | 1-25 | ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നാളിതുവരെയായി കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല. |
| 26 | 1-26 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് ഈടാക്കുന്നില്ല |
| 27 | 1-27 | തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്- സംയുക്തപരിശോധന നടത്താത്തത് |
| 28 | 1-28 | പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കാത്തതും നടപടിക്രമങ്ങളിലെ അപാകങ്ങളും |
| 29 | 1-29 | ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രവൃത്തി-ഒ എച്ച് നല്കിയ പ്രവൃത്തിക്ക് ക്ഷേമനിധി വിഹിതം കൂട്ടിയത് |
| 30 | 1-30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 31 | 1-31 | ഒഴിഞ്ഞ ബാരൽ വില അതാത് ഹെഡുകളിലേക്ക് തിരിച്ചടച്ചിട്ടില്ല |
| 32 | 1-32 | എഗ്രിമെന്റ് വെക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല |
| 33 | 1-33 | ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ - ഒടുക്കിയ മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമാക്കിയിട്ടില്ല. |
| 34 | 1-34 | സമൃദ്ധി പദ്ധതി- റിവോൾവിംഗ് ഫണ്ട് വിനിയോഗം |
| 35 | 1-35 | ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ |
| ഭാഗം 2 വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ | | |
| ഇല്ല | | |
| ഭാഗം 3 വ്യക്തമായ ചെലവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ | | |
| ഇല്ല | | |
| 36 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |

| | | |
|---|---|---|
| 37 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 38 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 40 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 41 | 4-6 | സ്ഥിര നിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ |
| 42 | 4-7 | ഓഡിറ്റ് റിക്കവറി |
| 43 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ |
| 44 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ |
| 45 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 47 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 48 | അനുബന്ധം-2-1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 49 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 50 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 28.03.18തീയതിയിലെ 62/2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.02.19 തീയതിയിലെ 32/2019(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 16701400.52 | 15481900.52 |
| വരവ് | 147686890 | 223225796 |
| ആകെ | 164388290.52 | 238707696 |
| ചെലവ് | 155939075 | 232106582 |
| നീക്കിയിരിപ്പ് | 8449215.52 | 6601114.52 |

പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ ഭരണസമിതി മിനുട്സിൽ ഉൾപ്പെടുത്തുകയോ പ്രത്യേക അജണ്ട വെക്കുകയോ ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ അംഗീകരിച്ച എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 03.05.19 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,21,95,397 |
| വരവ് | 11,94,29,078 |
| ആകെ | 13,16,24,475 |
| ചെലവ് | 9,44,86,784 |
| നീക്കിയിരിപ്പ് | 3,71,37,691 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16942000 | 16942000 | 16942000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2349000 | 2349000 | 2048402 | 300598 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 111000 | 111000 | 0 | 111000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16227000 | 16227000 | 14577161 | 1649839 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3516000 | 3516000 | 2172977 | 1343023 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 9835992 | 9835992 | 6893651 | 2942341 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്<br>(ACR പ്രകാരം) | | | | | | |
| സാക്ഷരത | | 18237 | 716 | 18953 | 7060 | 11893 |
| ദുരിതാശ്വാസനിധി | | 12926 | 34847 | 47773 | 18000 | 29773 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 33468722 | 33468722 | 33468722 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 567 | 505663 | 506230 | 501326 | 4904 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ് | | 573050 | 1050838 | 1623888 | 600000 | 1023888 |
| ടിഎസ് സി | | 2940027 | 722263 | 3662290 | 1445711 | 2216579 |
| എസ് എസ് എ | | 184052 | 7474 | 191526 | 0 | 191526 |
| ഐഡബ്ല്യുഎംപി | | 232742 | 9449 | 242191 | 0 | 242191 |
| ഡബ്ല്യുജിഡിപി | | 82285 | 2918 | 85203 | 0 | 85203 |
| പൈക്ക | | 67502 | 2740 | 70242 | 0 | 70242 |
| എം പി ഫണ്ട് | | 21999 | 894 | 22893 | 0 | 22893 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 321000 | 321000 | 321000 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 210000 | 210000 | 210000 | 0 |
| ഉൽപ്പാദന ബോണസ് | | 0 | 314144 | 314144 | 314144 | 0 |
| വിമുക്തി | | 33933 | 25000 | 58933 | 4480 | 54453 |
| 100തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയതിനുള്ള പ്രതിഫലം | | 0 | 12000 | 12000 | 12000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 628508 | 4123250 | 4751758 | 3272046 | 1479712 |
| | ജില്ലാ പഞ്ചായത്ത് | 2242500 | 6625061 | 8867561 | 6273825 | 2593736 |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | | 10830463 | | | |
| തനത് ഫണ്ട്(*) | ബാങ്ക് | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

(*)വിശദാംശങ്ങൾ ലഭ്യമല്ല

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തിയാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 188 | 121003298 | 186 | 78664823 | 55 | 131 | 2 | 69.68 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

..

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 6540500 | 3793600 |
| വെറ്ററിനറി സർജ്ജൻ | 9 | 7 | 4554741 | 2795499 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 593000 |
| വി ഇ ഒ 1 | 1 | 1 | 52856 | 52856 |
| വി ഇ ഒ 11 | 11 | 9 | 34432526 | 26028516 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 7 | 7 | 1505000 | 1436120 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 150000 | 149711 |

| | | | | |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ | 9 | 9 | 2533635 | 2138787 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 6 | 7305400 | 6657976 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1204014 | 1120626 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 70 | 55081640 | 29828791 |
| സെക്രട്ടറി | 18 | 12 | 7042986 | 4069341 |

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്

(എ) ആസൂത്രണസമിതി

17.01.2017 ലെ 15/17 തീരുമാനപ്രകാരം രൂപീകരിക്കപ്പെട്ട പതിമൂന്നാം പദ്ധതിക്കായുള്ള ആസൂത്രണ സമിതി 2018-19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 15.02.18,3.03.18,12.03.18 മൂന്നു തവണയാണ് ചേർന്നിട്ടുള്ളത്. 12.03.18 ന് വാർഷിക പദ്ധതി അംഗീകരിച്ച ശേഷം 26.10.2018 ന മാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളതായി ആസൂത്രണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള നിർദ്ദേശങ്ങൾ നല്കുന്നതിനായി സമിതി യോഗം ചേർന്നിട്ടില്ലെന്നാണ് മിനുട്സിൽ നിന്ന് വ്യക്തമാകുന്നത്. ആസൂത്രണ സമിതി നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കും തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകൃതമായിട്ടുള്ളത് 17.01.2017 ലെ 15/17 തീരുമാനം). വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതികൾ പൂർത്തീകരിക്കുന്ന മുറക്ക് പദ്ധതി അവലോകനം നടത്തിയതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ

നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

ക്ഷേമപെൻഷൻ വിതരണത്തിലെ കാര്യക്ഷമത വിലയിരുത്തുന്നതിലും അനർഹരെ യഥാസമയം ഒഴിവാക്കുന്നത് മോണിറ്റർ ചെയ്യുന്നതിലും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ രഹിത വേതനം ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരല്ലാത്തവർ കൈപ്പറ്റുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി കലക്ഷൻ പുരോഗതി കൃത്യമായി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളും കൂട്ടിച്ചേർക്കലുകളും ഉപയോഗക്രമങ്ങളിൽ വരുന്ന വ്യത്യാസങ്ങളും കണ്ടെത്തുന്നതിലും ഫലപ്രദമായ ഇടപെടലുകൾ നടത്താവുന്നതാണ്.

(ഡി)ഗ്രാമസഭ

ഗ്രാമസഭകൾ മൂന്ന് തവണ വീതം ചേർന്നിട്ടുണ്ട്. മിനുട്സ് ക്ലോസ് ചെയ്യുമ്പോൾ തീരുമാനങ്ങൾ പങ്കെടുത്ത വോട്ടർമാരിൽ പതിനഞ്ചു പേർ സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

ഒരു സാമ്പത്തിക വർഷം അവസാനിക്കുന്ന മുറക്ക് പദ്ധതിച്ചെലവ് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി ആദ്യത്തെ ഗ്രാമസഭാ മുമ്പാകെ അവതരിപ്പിക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച വിഷയം അജണ്ടയിൽ ഉൾപ്പെടുത്തുന്നില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അനർഹരുടെ അക്കൗണ്ടുകളിലേക്ക് തുക കൈമാറപ്പെടുന്നത് ഒരു പരിധിവരെ ഒഴിവാക്കാം

(ഇ)പദ്ധതി നടത്തിപ്പ്

ഓഡിറ്റ് വർഷം തയ്യാറാക്കിയ പദ്ധതികളിൽ ക്യൂ ബിൽ ആയതുകാരണം 62ലക്ഷം രൂപയുടെ പദ്ധതിച്ചെലവ് സ്പിൽ ഓവറായി ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ നിർവ്വഹണ കലണ്ടറിൽ നിർദ്ദേശിച്ച സമയക്രമം പാലിച്ചു കൊണ്ട് സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തിയാക്കി ക്യൂ ബിൽ വരുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 567 | 505663 | 506230 | 501326 | 4904 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33468722 | 33468722 | 33468722 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 21452700 | 1909 |
| കർഷകതൊഴിലാളി പെൻഷൻ | 10648600 | 831 |
| വിധവാപെൻഷൻ | 14392800 | 1198 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 768000 | 68 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 4097400 | 340 |

മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക 1-18-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.19 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,28,763 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

# 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഐ എസ് ഒ പ്രവർത്തനങ്ങളുമായും നികുതി പിരിവുമായും ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് തൊട്ടടുത്ത മീറ്റിംഗിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന മുറക്ക് ക്ലെയിം സസ്പെൻഡ് ചെയ്യപ്പെടാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വന്ന പിഴവാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളുടെ കാര്യത്തിലെങ്കിലും, ഡെത്ത് രജിസ്ട്രേഷന് നിലവിൽ ആധാർ നമ്പർ നിർബന്ധമാക്കിയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതായിരുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.19 | 7/2019 | 20.08.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.10 | 2005-06 മുതൽ 2009-10 വരെ | 3.01.2011 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2.പ്രോജക്ട് നമ്പർ 139/19 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിന് പ്രോജക്ടിൽ വകയിരുത്താതെയാണ് 97211രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചത്.

3.വസ്തു നികുതി പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ I-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല

## 1-12 വസ്തു നികുതി-പ്യൂരിഫിക്കേഷൻ -അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-18 ഷെഡ്യൂൾ പ്രകാരം Prior Period Income -Property Tax on residential buildings (കോഡ് നം 280100101) ഇനത്തിൽ 38123 രൂപയും Period Income -Property Tax on residential buildings (കോഡ് നം 280100104) ഇനത്തിൽ 270494 രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.2018-19 ലെ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് വസ്തുനികുതിയിലുണ്ടായ വ്യത്യാസം പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ലഭിച്ച വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നികുതി വ്യത്യാസം വന്നവരുടെ വസ്തു നികുതി പുനർനിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ അടിസ്ഥാന രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 1-13 തൊഴിൽ നികുതി ഈടാക്കാത്തത്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസത്തിൽ കൂടുതൽ കാലം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയമാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗനവാടി വർക്കർ, ഹെൽപ്പർ, ജനപ്രതിനിധികൾ ഒഴികെയുള്ള മറ്റ് ഓണറേറിയം ജീവനക്കാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, കരാറുകാർ എന്നിവരിൽ നിന്നും 2018-19 വർഷം ഡിമാന്റ് നോട്ടീസ് നല്കുന്നതുൾപ്പെടെ, തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/18-19) മറുപടിയായി പ്രസ്തുത ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ വാണിജ്യസ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ

എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽകരമോ അസഹ്യതയോ ഉണ്ടാക്കാനിടയുള്ളതായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ലൈസൻസ് നേടേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളാണുള്ളത്. ഈ വാർഡുകളിലെല്ലാമായി 558 സ്ഥാപനങ്ങൾ 2018-19 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച 3460 കെട്ടിടങ്ങളുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| കെട്ടിടത്തിന്റെ നികുതി<br>നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 1752 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിലുള്ളകെട്ടിടങ്ങൾ | 443 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെയുള്ള ഷോപ്പിംഗ് മാളുകൾ | 7 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ളഷോപ്പിംഗ് മാളുകൾ | 208 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ പെട്ടികടകൾ,കമ്പ്യൂട്ടർ<br>സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 4 |
| ഓഡിറ്റോറിയം, അസംബ്ലി കെട്ടിടം | 490 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകൾക്കുള്ള<br>ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 73 |
| വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 422 |
| ഇതരവ്യവസായ ആവശ്യത്തിനുള്ളവ | 61 |
| ആകെ | 3460 |

മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 3460 കെട്ടിടങ്ങൾ വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. എന്നാൽ 558 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക ( ട്രേഡേഴ്സ് ലിസ്റ്റ് )വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഫീൽഡ് തല പരിശോധന നടത്തി സഞ്ചയ സോഫ്റ്റ് വെയർപ്രകാരമുള്ള

മുഴുവൻ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-15 മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ GO(P) നം. 80/17/ത.സ്വ.ഭ.വ. എസ്.ആർ. ഒ. നം.647/17, പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റ് 232,233, 234 വകുപ്പുകളും 254 കൂട്ടി വായിച്ചതും 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ& ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു പ്രകാരം ഫാക്ടറികളേയും വ്യാപാരങ്ങളേയും സംരംഭ പ്രവർത്തനങ്ങളേയും സേവനം, ഉല്പാദനം എന്നിങ്ങനെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത സ്ലാബുകളാക്കി തരംതിരിച്ച് ലൈസൻസ് ഫീ ഏർപ്പെടുത്തിയതായി ഭരണസമിതി തീരുമാനം (4/163/18/

11-09-2018)എടുത്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ പഴയ രീതിയിലാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

2018-19 വർഷം ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ മിക്കവയിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. അന്വേഷണ ഉദ്യോഗസ്ഥർ ഇത് സബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയതും സെക്രട്ടറി അംഗീകരിച്ചതും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല.
31.10.2017-ൽ സർക്കാർ വിജ്ഞാപനം പുറപ്പെവിച്ചിട്ടുണ്ടെങ്കിലും യഥാസമയം ഗ്രാമപഞ്ചായത്ത് തലത്തിൽ ബൈലോ തയ്യാറാത്തതിനാൽ 2018-19 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് പുതുക്കിയവരുടെ കാര്യത്തിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ ലൈസൻസ് ഫീസ് ഈടാക്കാൻ കഴിയാതിരുന്നത് ഓഡിറ്റിൽ ഗൗരവമായി കാണുന്നു.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്താതെ സ്ഥാപനം പ്രവർത്തിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1997 ലെ കേരളപഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. 2017-18 വർഷം കുറുമാത്തൂർ ആര്യവൈദ്യശാല എന്ന സ്ഥാപന രജിസ്റ്റർ ചെയ്യുകയും ഫീസ് ഒടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 വർഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/18-19) പഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിത സ്ഥാപനം 2018-19 വർഷം സമർപ്പിച്ച അപേക്ഷയോടൊപ്പം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, ജില്ലാമെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2018-19 വർഷം ടി സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ ഫീസ്

ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. 2019-20 വർഷം സ്ഥാപനം പ്രവർത്തിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം 2018-19 അനുമതി ഇല്ലാതെ പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. 2018-19 വർഷം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്. ലൈസൻസില്ലാതെ പ്രവർത്തിട്ടുണ്ടെങ്കിൽ നിയമാനുസൃത പിഴ ഈടാക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ - ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

ടെണ്ടർ ഫീസിനത്തിൽ 2018-19 സാമ്പത്തിക വർഷം 93570രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. മുൻവർഷങ്ങളിലെ തുകയും തിരികെ ലഭിച്ചിട്ടില്ല. മുഴുവൻ തുകയും തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം- ഗുരുതരമായ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള , മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിൽ റാൻഡം ചെക്കിംഗ് നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

| പേര് | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | തദ്ദേശ സ്ഥാപനം | റിമാർക്സ് | അധികം നല്കിയത് |
|---|---|---|---|---|---|
| ജോസഫ്.പി ഡി | 111140201348 | 22.01.18 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 3/18വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 3000 |
| കാദർ.ടി.കെ | 111140200447 | 28.04.18 | ,, | 11/18വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 7700 |
| ചപ്പൻമുഹമ്മദ് | 111080100068 | 19.08.17 | പട്ടുവം ഗ്രാമപഞ്ചായത്ത് | 4/19വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 22100 |
| കദീജ എസ് | 102180203483 | 16.11.17 | തളിപ്പറമ്പ നഗരസഭ | ,, | 18800 |
| ആദം കെ | 111140200380 | 30.04.18 | കുറുമാത്തൂർ | 7/19വരെയുള്ള | 22500 |

| | | | | | |
|---|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | |
| മാധവി വി | 102180100093 | 10.02.18 | തളിപ്പറമ്പ നഗരസഭ | 4/19വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 15500 |
| അംബ്രോസ്.സി ഒ | 111150201720 | 12.02.18 | പരിയാരം ഗ്രാമപഞ്ചായത്ത് | 4/19വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 15500 |
| കുതിരുമ്മൽ കുമാരൻ | 102180100760 | 17.12.17 | ആന്തൂർ നഗരസഭ | 11/18വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 12100 |
| ആസ്യ പി എ | 111140200414 | 15.11.18 | കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | 7/19വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 9200 |
| കുഞ്ഞാമിന പി പി | 111140201260 | 23.06.18 | ,, | 7/18വരെയുള്ള പെൻഷൻ അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | 1100 |
| ശങ്കരൻ കെ വി | 111140101154 | 28/04/18 | ,, | 4/19വരെ deceased എന്ന രേഖപ്പെടുത്തി, അതിനു ശേഷമുള്ള മൂന്നുമാസ ങ്ങളിലേത് ഡയറക്ട ഹോം Success എന്നു ചേർത്തു. | 3600 |
| ഗോവിന്ദൻ നായർ എടവത്ത് | 111240200045 | 01.08.18 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് | 7/19വരെയുള്ള പെൻഷൻ | 16500 |

| | | | | | |
|---|---|---|---|---|---|
| | | | | അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടു | |
| പി കണ്ണൻ | 11140100536 | | | 4/19വരെ deceased എന്നു രേഖപ്പെടുത്തി, അതിനു ശേഷമുള്ള മൂന്നുമാസ ങ്ങളിലേത് ഡയറക്ട ഹോം Success എന്നു ചേർത്തു. | 3600 |

ഇതിൽ നേരിട്ട് വീടുകളിൽ പെൻഷൻ എത്തിക്കുന്നതിൽ സംഭവിച്ച അപാകം (പി കണ്ണൻ ,ശങ്കരൻ കെ വി) പരിഹരിച്ചിട്ടുണ്ടെന്ന് ബാങ്കിൽ നിന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി വരുത്തുമ്പോൾ തെറ്റു വന്നതാണെന്നാണ് ബാങ്ക് അറിയിച്ചിട്ടുള്ളത്. ഇത്തരം അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് ഉറപ്പു വരുത്തേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ തന്നെ ക്ഷേമപെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെട്ട വിവരങ്ങൾ പോലും യഥാസമയം സേവനയിൽ സസ്പെൻഡ് ചെയ്യപ്പെടാത്തത് ഗുരുതരമായ അപാകമാണ്. നിരവധി ഗുണഭോക്താക്കൾ നിലവിവും ആക്ടീവ് ആയി തുടരുന്നുണ്ട്.
ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്.അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധനാ വിധേയമാക്കി അനർഹർ കൈപ്പറ്റുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനും അനർഹരെ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അധികം നല്കിയ തുക തിരിച്ചു പിടിച്ച് സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/18-19 തീയതി 20.09.2019-ന് മറുപടിയായി മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കത്ത് നല്കിയതായും ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ കാര്യത്തിൽ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനും തുക തിരിച്ചടക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

# 1-19 യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ് - മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല-103668 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രോജക്ടിന്റെ പേര് - യുവജനക്ലബുകൾക്ക് സ്പോർട്സ് കിറ്റ്

പ്രോജക്ട് നമ്പർ - S0031/19

തനത്ഫണ്ട് - ₹250000

ചെലവ് - ₹228668

ട്രഷറി ചെക്ക് നമ്പർ - 1890620/26-03-19

കുറുമാത്തൂർ പഞ്ചായത്ത് പരിധിയിലുള്ള 25 യുവജന ക്ലബുകൾക്ക് ഒരു സെറ്റ് സ്പോർട്സ് കിറ്റ് (ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് ബാറ്റ്, ഷട്ടിൽ കോക്ക്, വോളിബോൾ നെറ്റ്, ബാഡ് മിന്റൺ നെറ്റ്, ബാഡ് മിന്റൺ റാക്കറ്റ്, സ്കിംപ്പിംഗ് റോപ്പ്) വിതരണം ചെയ്യുന്നതിനാണ് പദ്ധതി. ഇതിനായി തനത് ഫണ്ടിൽ നിന്നും 228668 രൂപ ചെലവഴിച്ചിട്ടുണ്ട്. 14-02-18 ലെ 2018-19 സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം. 22/2018 തസ്വഭവ തീയ്യതി 7.6.13 ന് സഉ(സാധാ) നമ്പർ 811/2018/തസ്വഭവ തീയതി 26.03.18 പ്രകാരം പുറപ്പെടുവിച്ച ഭേദഗതി പ്രകാരം ഒരു ക്ലബിന് 5000 രൂപയിൽ അധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി.ബി.എസ് പബ്ലിഷേഴ്സ് & ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 228668 രൂപ ചെലവഴിച്ച് ( A/C NO. 2385261000297) ഒരു ക്ലബിന് 9146.72രൂപയുടെ (228669/25) സ്പോർട്സ് ഉപകരണങ്ങളാണ് വാങ്ങി നൽകിയത്. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നും സ്പോർട്സ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ യുവജനക്ലബുകളുടെ ഏകോപന സമിതി തീരുമാനിച്ചതിന്റെ രേഖകളും, ഓരോ ക്ലബുകളും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസരിച്ച് തയ്യാറാക്കിയ സ്പോർട്സ് ഇനങ്ങളുടെ ലിസ്റ്റ് ഉൾപ്പെടുന്ന അപേക്ഷകളും, യുവജനക്ലബുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും വ്യക്തമാക്കേണ്ടതാണെന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/30-09-19) മറുപടിയായി തനത്ഫണ്ടാണ് ഉപയോഗിച്ചതെന്നും ഭരണസമിതിയുടെ196/18(2),09-11-08 തീരുമാനപ്രകാരമാണ് ഇത് നടപ്പിലാക്കിയതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. തനത് ഫണ്ട് മിച്ചം ഉൾപ്പെടുത്തി തയ്യാറാക്കുന്ന പദ്ധതികളുടെ കാര്യത്തിലും സർക്കാരിന്റെ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ബാധകമാണ്. സർക്കാർ നിർദ്ദേശം പാലിക്കാതെ അധികം ചെലവഴിച്ച 103668 രൂപ തടസത്തിൽ വെക്കുന്നു.

## 1-20 ക്ഷീരകർഷകർക്ക് സബ്സിഡി-സർക്കാർ ഉത്തരവിൽ വ്യക്തമാക്കപ്പെട്ടത് പ്രകാരം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി ഫാം ഇൻസ്ട്രക്ടർ | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 106/18-19 | | |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് ഉല്പാദന ബോണസ് | | |
| അടങ്കൽ | 600000 | | |
| ചെലവ് | 593000 | | |
| | ബിൽ നം, തീയതി | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
| ബിൽ നമ്പർ | 1/18-19 തീയതി 31-01-2019 | 272593 | 123 |
| | 2/18-19 തീയതി 12-03-2019 | 126498 | 59 |
| | 3/18-19 തീയതി 23-03-2019 | 909 | 1 |
| ചെക്ക് നമ്പർ | 1890583 തീയതി 26-03-2019 | 193000 (100000+ 93000) | 340 (172+168) |
| | ആകെ | 593000 | 523 |

പ്രസ്തുത പ്രോജക്ടുകൾക്കായി 2018-19 വർഷത്തിൽ ₹ 593000 ചെലവഴിച്ചിട്ടുണ്ട്. കരിമ്പം, കാലിക്കടവ്, പന്നിയൂർ, ബക്കളം എന്നീ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്കാണ് ഈയിനത്തിൽ ആനുകൂല്യം നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി തയ്യാറാക്കൽ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീയതി 14-02-2018 ഖണ്ഡിക 6-2 (8) പ്രകാരം ക്ഷീര സംഘത്തിൽ പാൽ നൽകുന്ന കർഷകർക്ക് ക്ഷീരവികസന വകുപ്പ് അനുവദിക്കുന്ന തുക ഉൾപ്പെടെ ലിറ്ററിന് ₹ 4 നിരക്കിലാണ് ബോണസ് നൽകേണ്ടത്. എന്നാൽ കർഷകർക്ക് ലിറ്ററിന് 4 രൂപ

നിരക്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ടിന്റെ ഭാഗമായിത്തന്നെ നൽകിയിട്ടുണ്ട്. പ്രസ്തുത കാര്യം സൂചിപ്പിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18-19) മറുപടിയായി 2018-19 വർഷം ക്ഷീരവികസനവകുപ്പ് പാൽ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദേശിച്ചതിൽ നിന്ന് വ്യത്യസ്തമായി ലിറ്ററിന് 4 രൂപ നിരക്കിൽ നൽകിയത് ശരിയല്ല. 12/2018 വരെ മാത്രമാണ് ആനുകൂല്യം നൽകിയിട്ടുള്ളത് എന്നതിനാൽ തുടർനടപടികൾക്ക് ശുപാർശ ചെയ്തിട്ടില്ല. ക്ഷീരകർഷകർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള ആനുകൂല്യം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 പാലിയേറ്റീവ് കെയർ പദ്ധതി- നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി)

പ്രോജക്ടിന്റെ പേര്- പാലിയേറ്റീവ് പരിചരണം

പ്രോജക്ട് നമ്പർ- s0086/18-19

വികസനഫണ്ട്-200000

തനത്ഫണ്ട്- 250000

ജില്ലാപഞ്ചായത്ത്- 150000

ആകെ അടങ്കൽ - ₹600000

ആകെ ചെലവ്-₹575006

| ചെക്ക് നം./ബിൽ നം.<br>തീയ്യതി | തുക |
|---|---|
| 1/18-19/27-06-18 | 65280 |
| 2/18-19/16-08-18 | 32440 |
| 3/18-19/19-09-18 | 20920 |
| 7/18-19/26-12-18 | 46320 |
| 8/18-19/16-02-19 | 35040 |
| 8872512/28-06-18 | 56866 |
| 8872516/12-07-18 | 31440 |
| 2669233/06-10-18 | 31940 |
| 2442335/21-11-18 | 43040 |

| | |
|---|---|
| 2988859/13-12-18 | 143700 |
| 2258190/27-12-18 | 5000 |
| 1890608/11-03-19 | 28580 |
| 1049747/25-03-19 | 33140 |
| 1890587/30-03-19 | 1300 |
| ആകെ | ₹575006 |

മേൽ പ്രകാരം പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി വിവിധതരത്തിലുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. 29.10.15ലെ സഉ(സാധാ) നമ്പർ 3217/2015/തസ്വഭവ ഉത്തരവിലെ 2-5(6)പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെന്നും തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്ബ് സൈറ്റിലുള്ള ലിസ്റ്റുകളിലും വരുത്തേണ്ടതാണെന്നും വെബ്ബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽനിന്നും തുക ചെലവഴിക്കാൻ പാടില്ലായെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11/28-09-19 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ തുക ചെലവഴിച്ചത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി ചെലവഴിക്കുന്ന തുകയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിനും പാലിയേറ്റീവ് പരിചരണം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാനും ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി--വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ – 37/19

അടങ്കൽ – 750000 (₹ 187500 – വികസനഫണ്ട്, ₹187500 – സംസ്ഥാനവിഷ്കൃതഫണ്ട്, ₹375000 – ഗുണഭോക്തൃവിഹിതം)

ചെലവ് – ₹ 187500 – വികസനഫണ്ട്.

വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി 187500 രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ചെലവു റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 1-23 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതികളിലൊന്നും തന്നെ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് ഗുരുതരമായ വീഴ്ച്ചയാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-24 പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

പ്രോജക്ടിന്റെ പേര് - പ്ലാസ്റ്റിക് മാലിന്യ ശേഖരണം

പ്രോജക്ട് നമ്പർ - S0098/19

അടങ്കൽ-130000രൂ(ധനകാര്യകമ്മീഷൻ അവാർഡ് - ₹100000,തനത് ഫണ്ട് - ₹30000)

ചെലവ്

| ബിൽ നമ്പർ/ തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 3/18-19/11-10-18 | ₹22790 | വണ്ടി വാടക,നോട്ടീസ്, റസീറ്റ് പ്രിന്റിംഗ് |
| 5/18-19/13-11-18 | ₹6044 | ടാഗ് |
| 14/18-19/23-03-19 | ₹71166 | അക്കൌണ്ട് നമ്പർ 011970008635 കുറുമാത്തൂർ സർവ്വീസ് സഹ.ബാങ്ക്-ഹരിത കർമ്മസേന |
| | ₹100000 | |

'കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത്'' എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പഞ്ചായത്തിലെ 17 വാർഡുകളിലെ വീടുകളിൽ നിന്നും ഹരിതകർമ്മ സേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിനും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിനും വേണ്ട അനുബന്ധ ചെലവുകൾക്കായി തയ്യാറാക്കിയ പദ്ധതിയാണിത്. മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്നതിന് ഹരിതകർമ്മസേന വളണ്ടിയർമാർ വീടുകളിൽ നിന്നും നിശ്ചിത തുക യൂസർ ഫീ ഈടാക്കുകയും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പഞ്ചായത്തിന്റെ ശേഖരണ കേന്ദ്രത്തിലെത്തിക്കുകയും പിന്നീട് റീസൈക്ലിംഗ് യൂണിറ്റിലേക്ക് കയറ്റിയയക്കുകയും ചെയ്യുന്നു. ഇതിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി വികസന ഫണ്ടിൽ നിന്നും 100000 രൂപയും തനത് ഫണ്ടിൽ നിന്നും 30000 രൂപയും വകയിരുത്തി. ഇതിൽ നിന്നും 100000രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ 12/28-09-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2018 സെപ്റ്റംബർ മാസം മുതലാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചതെന്നും 23 പേരെ ഹരിതകർമ്മ സേന അംഗങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇവർ വീടുകളിൽ നിന്നും 20 രൂപയും കടകളിൽ നിന്നും 50 രൂപയുമാണ് യൂസർ ഫീയായി

ശേഖരിക്കുന്നതെന്നുമാണ് അറിയിച്ചത്. ഈ തുക ഹരിതകർമ്മ സേനയുടെ പേരിൽ കുറമാത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച 011970008635-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച് കുടുംബശ്രീ സി.ഡി.എസി-ന്റെ മേൽ നോട്ടത്തിലാണ് ഇടപാടുകൾ നടക്കുന്നതെന്നും അറിയിച്ചു. ഈയിനത്തിൽ 2018-19 സാമ്പത്തിക വർഷം 294413രൂപ വരവും 263786രൂപ ചെലവും ഉണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കുറമാത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിർമ്മാണം പൂർത്തിയാക്കിയ മെറ്റീരിയൽ റിക്കവറി സെന്റർ പ്രാദേശികമായ എതിർപ്പിനെ തുടർന്ന് പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ ,ഇതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുള്ളതിനാലാണ് റിക്കവറി സെന്റർ പ്രവർത്തിപ്പിക്കാൻ കഴിയാത്തതെന്നും നിലവിൽ ചെങ്ങളായി ഗ്രാമപഞ്ചായത്തിലെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റീസൈക്ലിംഗ് യൂനിറ്റിലേക്കാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ നല്കുന്നതെന്നും പ്രസിഡണ്ട് അറിയിക്കുകയുണ്ടായി.

പ്ലാസ്റ്റിക്ക് മാലിന്യനിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിത കേരളമിഷൻ നിർദ്ദേശ പ്രകാരമുള്ള കരട് ഡി പി ആർ തയ്യാറാക്കിയിട്ടുണ്ടെന്ന് ഭരണസമിതി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡി പി ആർ അന്തിമമാക്കി അംഗീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്, പ്രവർത്തന മാർഗ്ഗരേഖ അന്തിമമാക്കുകയും മെറ്റീരിയൽ കലക്ഷൻ സെന്ററുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

# 1-25 ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-നാളിതുവരെയായി കമ്പ്യൂട്ടർ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 103/2019 |
| പ്രോജക്ടിന്റെ പേര് | ഐ സി ഡി എസ് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നമ്പർ/ തീയതി/തുക | 08/2018-19 തീയതി 23-03-2019-₹41259 |

ഐ സി ഡി എസ് സൂപ്പർവൈസർക്ക് കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷൻ എന്ന സ്ഥാപനത്തിന് മേൽ പരാമർശിച്ച തുക നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കമ്പ്യൂട്ടർ ഇൻസ്റ്റലേഷൻ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

2.കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/18-19) കമ്പ്യൂട്ടർ നാളിതുവരെയായി ലഭിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.പ്രസ്തുത സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതോടൊപ്പം ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും, ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.₹41259 ചെലവ് തടസ്സത്തിൽ വെക്കുന്നു. അനുബന്ധ രേഖകൾ ഹാജരാക്കുന്ന മുറക്ക് തടസം ഒഴിവാക്കുന്നതാണ്.

# 1-26 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കലക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996 (ആക്ട് ഓഫ് 1996 ) ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ,ചെലവിന്റെ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ അതതു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത് ഫണ്ടിൽ ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നാളിതുവരെയായി ഗ്രാമപഞ്ചായത്ത് കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കിയിട്ടില്ല.

# 1-27 തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്- സംയുക്തപരിശോധന നടത്താത്തത്

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണവും ഇനവും തിട്ടപ്പെടുത്തി, പ്രതിമാസ തെരുവുവിളക്ക് ചാർജ്ജ് കൃത്യമായാണ് ഒടുക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംയുക്ത പരിശോധന കെഎസ്ഇബിയുമായി ചേർന്ന് നടത്തിയിട്ടില്ല. പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ 15/10/19 മുതൽ 18/10/19 വരെ തീയതികളിലായി പരിശോധന നടത്തുന്നതാണെന്ന് പ്രസിഡണ്ട് അറിയിക്കുകയുണ്ടായി. സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

അതുപോലെ പ്രവർത്തനക്ഷമമായ പൊതു വാട്ടർ ടാപ്പുകളുടെ ഇനവും എണ്ണവും തിട്ടപ്പെടുത്തുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-28 പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം- പിഴ ഈടാക്കാത്തതും നടപടിക്രമങ്ങളിലെ അപാകങ്ങളും

(a) വടക്കാഞ്ചേരി ഗവ.എൽപി സ്കൂൾ ക്ലാസ് മുറി നിർമ്മാണം,83/18,166/19

കരാറുകാരൻ ശ്രീ മനീഷ് പി വി(പി എ സി- 672954രൂ)

അടങ്കൽ 700000(680000രൂ- വികസന ഫണ്ട്, 20000രൂ-തനത് ഫണ്ട്)

ചെലവ്

ബിൽ നമ്പർ – 18190352006901143790/05.02.18 54201രൂപ

2017-18 ലെ ചെലവ് 582755രൂപ

ആകെ ചെലവ് 636777രൂപ

എം ബുക്ക് നമ്പർ 24/17-18

പ്രസ്തുത പ്രവൃത്തിക്ക് 6 മാസത്തെ പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 29.01.18 ന് കരാറുകാരന് സ്ഥലം കൈമാറി നല്കിയിട്ടുണ്ട്. 28.07.18 ന് എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും 22.10.18 നാണ് പ്രവൃത്തി പൂർത്തിയാക്കിയത്(2മാസം 24ദിവസത്തെ കാലതാമസം). കരാറുകാരനിൽ നിന്നും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

കരാറുകാരൻ കാലാവധി ദീർഘിപ്പിച്ചു നല്കുന്നതിന് അപേക്ഷ നല്കുകയോ ആയത് പരിഗണിച്ചു കൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർ ഭരണസമിതിക്ക് ശുപാർശ ചെയ്ത് ഭരണ സമിതി അനുമതി നല്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല

(b)കംഫർട്ട് സ്റ്റേഷൻ നിർമ്മാണം

പ്രോജക്ട് നമ്പർ 221/18,182/19

അടങ്കൽ ₹26,75,000(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ₹702911, തനത് ഫണ്ട് – ₹97089, ജില്ലാ പഞ്ചായത്ത് വിഹിതം- ₹18,75,000)

ചെലവ്

₹17,48,764(ചെക്ക് നമ്പർ 1890585/30.03.19 ₹1655950, ചെക്ക് നമ്പർ 1890586/30.03.19 ₹92814)

₹702911(ക്യൂ ബിൽ-4/19 ന് നല്കി)

കരാറുകാരൻ സിജു കെ സി

പി എ സി ₹25,44,315

24.02.18 ന് ആറുമാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് നല്കിയ പ്രസ്തുത പ്രവൃത്തി 23.08.18 നകം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും 24.02.19 ന മാത്രമാണ് പൂർത്തിയാക്കിയത്. കരാറുകാരൻ കാലാവധി ദീർഘീകരണത്തിന് അപേക്ഷ നല്കുകയോ ഭരണ സമിതി അനുമതി നല്കുകയോ ചെയ്തിട്ടില്ല എന്നത് മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളുടെ ലംഘനമാണ്. കൂടാതെ പിഴ ഈടാക്കിക്കൊണ്ട് പരമാവധി അനുവദിക്കാവുന്ന ദീർഘികരണം ആദ്യം അനുവദിച്ചതിന്റെ 50% (3മാസം) മാത്രമാണെന്ന നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ആദായനികുതിയും ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിട്ടില്ല. കാലതാമസത്തിനുള്ള പിഴ ഈടാക്കേണ്ടതും പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണ്.

(c)കുറുമാത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്,മഞ്ചാൽ എന്നിവിടങ്ങളിൽ മെറ്റീരിയൽ കലക്ഷൻ സെന്റർ നിർമ്മാണം

പ്രോജക്ട് നമ്പർ 220/18,181/19

അടങ്കൽ ₹14,50,000(ശുചിത്വമിഷൻ ഫണ്ട്)
ചെലവ് ₹11,91,711
(ചെക്ക് നമ്പർ 397121/29.11.18 ₹11,32,126-കരാറുകാരൻ,ചെക്ക് നമ്പർ 397122/29.11.18 ₹59585-അസിസ്റ്റന്റ് എഞ്ചിനീയർ)
കരാറുകാരൻ ശ്രീ ടി രാജൻ- പിഎ സി – ₹12,84,295.74
24.02.18 ന് ആറുമാസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് സ്ഥലം കൈമാറി നല്കിയെങ്കിലും കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയത് 31.10.18 നാണ്(പൂർത്തിയാക്കേണ്ടിയിരുന്ന തീയതി 23.08.18) . 2 മാസം 7 ദിവസം കൂടുതൽ എടുത്താണ് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയത്. എന്നാൽ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ഭരണസമിതിയുടെ അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല.
കാലതാമസത്തിനുള്ള പിഴയായി 11917രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല.
ദീർഘീകരണം അനുവദിക്കുമ്പോൾ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ച വ്യവസ്ഥകൾ പാലിക്കാതിരിക്കുന്നതും പിഴ ഈടാക്കാതിരിക്കുന്നതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ അപാകമാണ്. (മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 14/18-19/30.09.19-ന് മറുപടി നൽകിയിട്ടില്ല.)

# 1-29 ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയ പ്രവൃത്തി-ഒ എച്ച് നല്കിയ പ്രവൃത്തിക്ക് ക്ഷേമനിധി വിഹിതം കൂട്ടിയത്

പ്രോജക്ട് നമ്പർ 177/17,191/18,138/19
അടങ്കൽ ₹200000 ഫിനാൻസ് കമ്മീഷൻ അവാർഡ്
ചെലവ് ₹187022-(ബിൽ നമ്പർ 18190352006900273557/30.06.18 ₹174902,18190352006900129168/29.05.18 ₹12,120)
കൺവീനർ ശ്രീ രാമൻ എ
ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും നിർമ്മാണ തൊഴിലാളി വിഹിതം ആകെ പ്രവൃത്തിമൂല്യത്തോട് കൂട്ടിയാണ് ചെലവു തുക കണക്കാക്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു

ആകെ പ്രവൃത്തി മൂല്യം ₹ 189918
2.5% കുറവ് 4748
ബാക്കി ₹ 185170
നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ₹1852
ആകെ ₹187022

അധികംനല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.
കൺവീനറുടെ ചെലവു രേഖകളും സമിതിയുടെ മിനുട്സും ബാങ്ക് പാസ്ബുക്കും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല എന്നതിനാൽ ഗുണഭോക്തൃസിമിതിക്ക് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ള ചെലവ് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

# 1-30 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ലേബർ ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ്

2001 ലെ സെൻസസ് പ്രകാരം ആകെ ഗ്രാമീണ കുടുംബങ്ങൾ 5149 ഉം ബിപി എൽ കുടുംബങ്ങൾ 1882 ഉം ആണ് . അതിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടെ 4170കുടുംബങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-19 ലെ ലേബർ ബജറ്റ് പ്രകാരം 102658 തൊഴിൽ ദിനങ്ങൾ കണക്കാക്കി മെറ്റീരിയൽ പ്രവൃത്തികൾ ഉൾപ്പെടെ 30.25കോടി രൂപയുടെ പദ്ധതികളാണ് തയ്യാറാക്കപ്പെട്ടത് . എന്നാൽ യഥാർത്ഥ ചെലവ് 3.35 കോടി രൂപയും തൊഴിൽ ദിനങ്ങൾ 116698 ഉം ആണ്. കണക്കാക്കപ്പെട്ടതിന്റെ പത്തിലൊന്ന് ചെലവു മാത്രമാണ് വന്നിട്ടുള്ളതെങ്കിലും തൊഴിൽ ദിനങ്ങളിൽ വലിയ വ്യത്യാസം വരുന്നില്ല. ലേബർ ബജറ്റ് യാഥാത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മെറ്റീരിയൽ പ്രവൃത്തികൾ

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം മെറ്റീരിയൽ പ്രവൃത്തികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. മെറ്റീരിയൽ വിതരണം ചെയ്യാൻ കരാറുകാരെ ലഭിക്കാത്തതിനാലാണ് അത്തരം പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിക്കുകയുണ്ടായി

ഏതാനും പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

പാറാട് പാടശേഖരത്തിലെ വിവിധ പ്രവൃത്തികൾ

വാർഡ് 9

എം ബുക്ക് നമ്പർ 206/18-19

തരിശു ഭൂമി കൃഷി യോഗ്യമാക്കൽ ഉൾപ്പെടെ എന്ന പദ്ധതിയിൽ പുല്ല് വൃത്തിയാക്കി സ്ഥലം കിളച്ചിടുകയും വരമ്പ് വെക്കുകയും ചെയ്യുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്.മൂന്നുവർഷമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയിട്ടില്ല എന്ന കൃഷി ഓഫീസറുടെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ ഭൂവുടമകളുടെ സമ്മത പത്രമോ ഭൂവുടമകൾ തൊഴിൽ കാർഡ് ഉള്ളവരാണ് എന്ന സാക്ഷ്യപത്രമോ പാട്ടക്കൃഷിയാണെങ്കിൽ ആയത് ചെയ്യുന്നതിനുള്ള സമ്മത പത്രമോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പാടശേഖരസമിതി നല്കിയ ലിസ്റ്റ് മാത്രമാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്. ആയതിൽ ആരും തന്നെ ഒപ്പു വച്ചിട്ടുമില്ല.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകങ്ങൾ

പ്രസ്തുത പ്രവൃത്തിയിലെ ഇനം 2 വരമ്പു വെക്കുന്നതിനുള്ളതും ഇനം 3 സ്ഥലം കിളക്കുന്നതിനുമുള്ളതാണ്. ഇനം 2 ൽ ഉറപ്പുള്ള മണ്ണും(hard soil) ഇനം 3 ൽ എല്ലാതരം മണ്ണും (all kinds of soil) എന്നു കാണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.ഒരേ സ്ഥലത്തു തന്നെ രണ്ടു തരം മണ്ണ് രേഖപ്പെടുത്തി ഡാറ്റ തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

വരമ്പു വെക്കുന്നതിന് മണ്ണു കയ്യാല നിർമ്മിക്കുന്ന dimensions (നീളം*0.5*0.5) ആണ് കാണിച്ചിട്ടുള്ളത്.പാടങ്ങളിൽ ഇത്രയും ഉയരത്തിലും വലുപ്പത്തിലും വരമ്പുകൾ നിർമ്മിക്കാറുണ്ടോ എന്നകാര്യം പരിശോധനാ വിധേയമാക്കേണ്ടതാണ്.4000മീറ്റർ വരമ്പും (1000ഘ മീ) 7930ചതുരശ്രമീറ്റർ കിളക്കലുമാണ് ചെയ്തിട്ടുള്ളത്. കിളക്കലിനായി സെലക്ടു ചെയ്ത മൺപണിയുടെ സ്പെസിഫിക്കേഷനിൽ(സെക്യൂയർ ഇനം നമ്പർ 80.2) കിളച്ച മണ്ണ് മാറ്റി കൂട്ടിയിടുന്നതിനുള്ള പണിക്കൂലിയും ഉൾപ്പെടുന്നു. ആയത് ഒഴിവാക്കി ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടതായിരുന്നു. ഈ രീതിയിൽ തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലൂടെ അധികച്ചെലവ് വരുന്നത് കർശനമായും നിയന്ത്രിക്കേണ്ടതാണ്.

പ്രസ്തുത സ്ഥലത്ത് പച്ചക്കറിക്കൃഷി നടത്തിയിട്ടുണ്ടോ എന്ന സാക്ഷ്യപത്രവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദമായ പരിശോധന ആവശ്യമാണ്

അളവ് രേഖപ്പെടുത്തുന്നതിലെ അപാകങ്ങൾ

ബി പി എൽ കുടുംബങ്ങളുടെ പറമ്പുകളിൽ ഭൂവികസന പ്രവർത്തനങ്ങൾ,വാർഡ് 9

എം ബുക്ക് നമ്പർ 221/18-19

വിവിധ ഗുണഭോക്താക്കളുടെ പറമ്പുകളിൽ മണ്ണുകയ്യാല നിർമ്മിക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്.എന്നാൽ അളവുകൾ രേഖപ്പെടുത്തിയത് ഒരുമിച്ചാണ്. ഓരോ പറമ്പിലേയും അളവുകൾ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല. ഒഴിവാക്കേണ്ടുന്ന ഭാഗങ്ങൾ ഉണ്ടെങ്കിൽ ആയത് ഒഴിവാക്കിയും സ്ഥലത്തിന്റെ ആകൃതിക്കനുസരിച്ചും പ്രത്യേകം വേണമായിരുന്നു അളവുകൾ രേഖപ്പെടുത്താൻ. എത്ര കുടുംബങ്ങളുടെ പറമ്പുകളാണെന്നോ എത്ര വീതം സ്ഥലത്താണ് നിർമ്മാണം നടത്തേണ്ടതെന്നു കാണിക്കുന്ന അപേക്ഷകളോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥലമുടമകളുടെ തൊഴിൽ കാർഡ് സംബന്ധിച്ച രേഖപ്പെടുത്തലുകളും ഇല്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ശരിയായ രീതിയിലാണ് നടക്കുന്നതെന്ന വിലയിരുത്തൽ നടത്തുന്നതിനാവശ്യമായ സോഷ്യൽ ഓഡിറ്റ് ശക്തിപ്പെടുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-31 ഒഴിഞ്ഞ ബാരൽ വില അതാത് ഹെഡുകളിലേക്ക് തിരിച്ചടച്ചിട്ടില്ല

റോഡ് പ്രവൃത്തികളിൽ കരാറുകാരിൽ നിന്നും ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില അതാത് ഫണ്ടുകളിലേക്ക് തിരിച്ചടക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കാണ് തിരിച്ചടച്ചിട്ടുള്ളത്. ആയത് ശരിയായ നടപടിയല്ല.അപാകം പരിഹരിക്കേണ്ടതാണ്

# 1-32 എഗ്രിമെന്റ് വെക്കാൻ കാലതാമസം- പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി ഒ(പി)13/2012/പിഡബ്ല്യുഡി/01.02.2012) 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ ചമക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. അതിനു ശേഷം 10 ദിവസം വരെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. പ്രസ്തുത വ്യവസ്ഥകൾ സെലക്ഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും താഴെ പറയുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കകം കരാർ ചമക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കാതെയാണ് എഗ്രിമെന്റ് വെക്കാൻ അനുവദിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് | എഗ്രിമെന്റ് വെക്കേണ്ട അവസാന തീയതി | എഗ്രിമെന്റ് | പി എ സി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| മിനി എസ്റ്റേറ്റ് പൂക്കോട്ടുക്കരി | ശ്രീ എം ഡി പോൾ | AE/KMTR/S-29/18-19, 19.12.18 | 02.01.19 | AE/KMTR/47/18-19 | 484349രൂ | 4843 |

| | | | | | | |
|---|---|---|---|---|---|---|
| റോഡ് ടാറിംഗ്,54/19 | | | | 11.01.19 | | |
| വടക്കാഞ്ചേരി കിഴക്കേ വയൽ റോഡ് ടാറിംഗ്,60/19 | ശ്രീ ടി സതീശൻ | AE/KMTR/S-/18-19, 29.12.18 | 12.01.19 | AE/KMTR/53/18-19 16.01.19 | 484722രൂ | 4847 |
| മഞ്ചാൽ മുണ്ടേരി ഇട്ടപ്പക്കിള റോഡ് ടാറിംഗ്, 59/19 | ശ്രീ ടി സതീശൻ | AE/KMTR/S-/18-19, 23.12.18 | 06.01.19 | AE/KMTR/56/18-19 16.01.19 | 493238രൂ | 4932 |
| | | | | | ആകെ | ₹14622 |

നിയമാനുസൃത പിഴ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവു വെക്കേണ്ടതാണ്

# 1-33 ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ - ഒടുക്കിയ മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

പ്രോജക്ടിന്റെ പേര് - ആയുർവ്വേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ - S0089/18-19

മെയിന്റൻസ് ഫണ്ട് (റോഡിതരം) - 600000

ചെലവ് - 600000

ബിൽ നമ്പർ/തീയ്യതി/തുക – 4/18-19/26-09-18/600000

മേൽ പ്രകാരം ഔഷധി ഫാർമസ്യൂട്ടിക്കൽ ഓഫ് കേരള, തൃശ്ശൂരിന് (A/C NO. 0612073000000181) 600000 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ഓഡിറ്റ് തീയ്യതി വരെ 568993 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ലഭിക്കാൻ ബാക്കിയുള്ള 31007 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ആയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

# 1-34 സമൃദ്ധി പദ്ധതി- റിവോൾവിംഗ് ഫണ്ട് വിനിയോഗം

പ്രോജക്ട് നമ്പർ 227/19,സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട്-മൃഗസംരക്ഷണം(വനിത)
അടങ്കൽ ₹280461(₹260922-വികസന ഫണ്ട് ,ജനറൽ ₹19539 -തനത് ഫണ്ട്)
ചെലവ് – ₹224000/-(₹207000 വികസന ഫണ്ട്, ₹17000 -തനത് ഫണ്ട്)

| | |
|---|---|
| ബിൽ നമ്പർ 1/18-19 19.05.18 | 1,57,000 |
| ബിൽ നമ്പർ 2/18-19 21.06.18 | 50,000 |
| ചെക്ക് നമ്പർ 01049746/25.03.19 | 17,000 |

ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്.(സംരംഭക ചെലവിന്റെ 10% ൽ പരിമിതപ്പെടുത്തി).2017-18 സാമ്പത്തിക വർഷവും 225000രൂപ റിവോൾവിംഗ് ഫണ്ട് നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ തവണകളായി തിരിച്ചടക്കുന്ന റിവോൾവിംഗ് ഫണ്ട് വെറ്റിനറി സർജ്ജന്റെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ച അക്കൗണ്ട് നമ്പർ 40508101032459 ലാണ് വരവു വെക്കുന്നത്. 31.03.19 ന് പ്രസ്തുത അക്കൗണ്ടിൽ 98487രൂപ നീക്കിയിരിപ്പുണ്ട്. സർക്കാർ നിർദ്ദേശാനുസരണം തിരികെ ലഭിക്കുന്ന റിവോൾവിംഗ് ഫണ്ട് കൂടുതൽ ഗുണഭോക്താക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനമെന്ന നിലയിൽ റിവോൾവിംഗ് ഫണ്ട് നല്കുന്നതിന് ഉപയോഗപ്പെടുത്തുന്ന രീതിയിൽ തുടർ വർഷങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

# 1-35 ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരങ്ങൾ

വിവിധ അപാകങ്ങൾ ഓഡിറ്റ് എൻക്വയറി വഴി ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരമുള്ള തുക തിരിച്ചടച്ചിട്ടുണ്ട്

| ഓഡിറ്റ് എൻക്വയറി നമ്പർ, തീയതി | വിഷയം | തിരിച്ചടച്ച തുക | റസീറ്റ് നമ്പർ തീയതി |
|---|---|---|---|
| 1/18-19 20.09.19 | ശമ്പള പരിഷ്ക്കരണ കുടിശിക അനുവദിച്ചതിൽ പിഴവു വന്നത് | 6967 | 119010103547/23.09.19<br>119010103660/24.09.19<br>119010103461/24.09.19<br>119010103832/26.09.19<br>119010103830/26.09.19<br>119010103831/26.09.19<br>119010103546/23.09.19<br>119010103624/24.09.19<br>119010103625/24.09.19 |
| 4/25.09.19 | പന്നിയൂർ ജി എൽ പിഎസ് കിച്ചൺ ഷെഡ് നിർമ്മാണം- ടെണ്ടർ നിരക്ക് കുറവു ചെയ്തതിലെ അപാകം | 912 | 119010104047/30.09.19 |
| 5/25.09.19 | പയറ്റിയാൽ കോട്ടം എളംബരം റോഡ് ടാറിംഗ്-അളവു രേഖപ്പെടുത്തൽ- കണക്കുകൂട്ടിയതിൽ പിഴവു വന്നത് | 3964 | 119010103997/30.09.19 |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.07.2019 മുതൽ 13.07.2019 വരെ | കെ.എസ്.എ./കെ.എൻ.ആർ./സി.3/1360/19 തീയ്യതി 17.08.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 150000 | സാന്ത്വന പരിചരണം,86/19 | 150000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 106/19 | 100000 | 0 |
| | | 250000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നല്കൽ, 17/19 | 250000 | 0 |
| | | 1200000 | ബഡ്സ്സ്കൂൾ കെട്ടിട നിർമ്മാണം,139/19 | 1200000 | 0 |
| | | 1717561 | ലൈഫ്ഭവന പദ്ധതി-ജനറൽ,33/19 | 1717561 | 0 |
| | | 400000 | ലൈഫ്ഭവന പദ്ധതി-എസ് സി,79/19 | 300000 | 100000 |
| | | 2000000 | പാറാട് തോട് വിസിബി നിർമ്മാണം,202/19 | 0 | 2000000 |
| | | 807500 | നെൽക്കൃഷി വികസന പദ്ധതി,9/19 | 807500 | 0 |
| ബ്ലോക്ക് | 2018-19 | 280250 | നെൽക്കൃഷി വികസന | 280250 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പദ്ധതി,9/19 | | |
| | | 250000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ബത്ത നല്കൽ, 17/2019 | 250000 | 0 |
| | | 2000000 | ലൈഫ്ഭവന പദ്ധതി-ജനറൽ,33/19 | 2000000 | 0 |
| | | 93000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 106/2019 | 93000 | 0 |
| | | 500000 | ബഡ്സ്സ്കൂൾ കെട്ടിട നിർമ്മാണം,139/19 | 500000 | 0 |
| | | 1000000 | പാറാട് തോട് വിസിബി നിർമ്മാണം,202/19 | 0 | 1000000 |

കംഫർട്ട് സ്റ്റേഷൻ നിർമ്മാണത്തിനായി ജില്ലാപഞ്ചായത്ത് വിഹിതമായി മുൻവർഷം ലഭിച്ച 1875000രൂപയിൽ 17,48,764രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്(പ്രോജക്ട് നമ്പർ182/19).കൂടാതെ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണത്തിനായി മുൻവർഷങ്ങളിൽ ലഭിച്ചതിൽ ബാക്കിയായ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1,48,796രൂപയും ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്(പ്രോജക്ട് നമ്പർ139/19)

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് അതാത് വർഷം വിനിയോഗിക്കാതെ തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുന്നത് ശരിയായ നടപടിയല്ല. മുൻവർഷങ്ങളിലെ (മഴൂർ വിസിബി-406913രൂ,എസ് സി കുടിവെള്ള കിണർ-72799രൂ,എസ് സി വീട്,വനിത-135000,എസ് സി വീട്,ജനറൽ-210000രൂ,ഭവനനിർമ്മാണം-22500), തുക ഉൾപ്പെടെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകയിൽ 57,55,660 രൂപ ഗ്രാമപഞ്ചായത്തിന്റെ സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ടിലും തനത് ഫണ്ട് അക്കൗണ്ടിലുമായി നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള തുക സർക്കാർ നിർദ്ദേശാനുസരണം തിരിച്ചടക്കുകയോ വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 1,69,40,000രൂപ വായ്പയെടുത്തതിൽ 1,69,40,000രൂപയും

വിനിയോഗിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ നീക്കിയിരിപ്പുൾപ്പെടെ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വായ്പയുടെ പേര് , ഉദ്ദേശ്യം | സർക്കാർ ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ചട ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| ഇഎംഎസ് ഭവന നിർമ്മാണ പദ്ധതി വായ്പ | സഉ (സാ) 274/ 2010/ തസ്വഭവ തീയതി 27.01.2010<br>(ആകെ വായ്പ എടുത്തത് 1,17,00,000രൂപ) | 17,83,133 | 0 | 1360774 | 422359 |
| ഹഡ്കോ ലോൺ, ലൈഫ് ഭവനനിർമ്മാണ പദ്ധതി | സഉ(എംഎസ്) 68/19 തസ്വഭവ തീയതി 18.05.18,<br>സഉ(എംഎസ്) 111/19 തസ്വഭവ തീയതി13.08.18 | 0 | 1,69,40,000 | 0 | 1,69,40,000 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ,ഇൻവെസ്റ്റ്മെന്റുകൾ

താഴെ പറയും പ്രകാരം 20000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ സർട്ടിഫിക്കറ്റ് മൂല്യം | 20000 |
| | |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റ് മൂല്യം | 20000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്, ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 222 മെമ്പര് നമ്പർ 70- ബിക്ലാസ് ഷെയറുകൾ 2 എണ്ണം തീയതി 17.02.2015 | 20000രൂപ |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച42,385 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14, 14-15 | 2-1 | 650 | കെ പി ഹാഷിം | 118010103057/4.08.18 |
| 2013-14, 14-15 | 2-2 | 650 | ഫാറൂക്ക്,കെൻപ്ലൈ | 118010103103/08.08.18 |
| 2013-14, 14-15 | 2-1 | 3510 | പ്രിൻസിപ്പൽ,അൽ-മഖർ | 118010103331/19.08.18 |
| 2013-14, 14-15 | 2-1 | 3510 | പ്രിൻസിപ്പൽ,അൽ-മഖർ | 118010103332/29.08.18 |
| 2013-14, 14-15 | 2-2(1) | 19020 | പ്രിൻസിപ്പൽ,ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 118010103414/30.08.18 |
| 2013-14, 14-15 | 2-1 | 7920 | പ്രിൻസിപ്പൽ,അൽ-മഖർ | 118010103436/30.08.18 |
| | | | | |

| | | | | |
|---|---|---|---|---|
| 2016-17 | 2-1(7) | 125 | ദിനേശ് ഇല്ലത്ത്,ഉണ്ണി അലക്സ് | 118010103225/18.08.18 |
| 2017-18 | 2-1 | 2500 | ഓജസ് ന്യൂട്രിമിക്സ് | 118010109847/27.03.19 |
| 2017-18 | 2-1 | 4500 | ഓജസ് ന്യൂട്രിമിക്സ് | 118010109848/27.03.19 |
| | | 42385രൂപ | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 2001-02 | v 13.3 ii | 1999-00 36 | മുൻകൂർ തുക തിരിച്ചു പിടിക്കാത്തത് |
| 2003-04 | 3-13-2 | 2001-02 8 | ഉത്തരവിന് വിരുദ്ധമായ ആനുകൂല്യം |
| 2009-10 | 2-1 | 2006-07 1-1 | ക്യാഷ്ബുക്ക് അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല |
| 2009-10 | 3.4.2(1) | 2006-07 3-3 | വ്യവസായ യൂനിറ്റുകൾ പ്രവർത്തനം ആരംഭിച്ചില്ല |
| 2016-17 | 2 | 2014-15 2-1 | തൊഴിൽ നികുതി |

# 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,94,29,078 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,44,86,784 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16474 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 144927 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഗ്രാമപഞ്ചായത്ത് തിരികെ ഈടാക്കേണ്ട തുക

| ഖണ്ഡിക നമ്പർ | ഈടാക്കേണ്ട തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 1852 | ശ്രീമതി ബിന്ദിയ കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-32 | 14622 | ,, |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 103668 | ശ്രീമതി ശോഭന കെ എം, ഹെഡ്മിസ്ട്രസ്, ജി എൽ പിഎസ്, പനക്കാട് |
| 1-25 | 41259 | ശ്രീമതി ജയമിനി കെ, ഐസിഡിഎസ് സൂപ്പർവൈസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ബിന്ദിയ കെ.വി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | പട്ടാടി ഹൗസ്, മണ്ടളം(പിഒ),നടുവിൽ |
| ശ്രീമതി ശോഭന കെ എം, ഹെഡ്മിസ്ട്രസ്, ജി എൽ പിഎസ്,പനക്കാട് | ഹെഡ്മിസ്ട്രസ്, ജി എൽ പിഎസ്,പനക്കാട് | നിമിഷം, ചുഴലി(പിഒ),കണ്ണൂർ ജില്ല |
| ശ്രീമതി ജയമിനി കെ, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് | ഗോകുലം,ചെറുമണ്ണ്,ഇരിക്കൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 2 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 2 |
| 2001-02 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 1 |
| 2002-03 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 3 |
| 2008-09,09-10,10-11 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 6 |

| | | |
|---|---|---|
| 2011-12 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 5 |
| 2012-13 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 2 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 14 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 6 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി3-822/19 തീയതി 06.06.19 | 10 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി3-396/19 തീയതി 12.06.19 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.3/1549/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 01.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kurumathoor Grama Panchayath |
| --- |

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01.04.18 to 31.03.19 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12188057.52 |
| Cash | Cash | RP-40(a) | 7339.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1436350.00 |
| 140000000 | Fees & User Charges | RP-4 | 1256021.00 |
| 150000000 | Sale & Hire Charges | RP-5 | 149463.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54321526.00 |
| 171000000 | Interest Earned | RP-9 | 295687.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14505184.00 |
| 350000000 | Other Liabilities | RP-36 | 308939.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 22826.00 |
| 311000000 | Earmarked Funds | RP-29 | 34847.00 |
| 330000000 | Secured Loans | RP-32 | 16940000.00 |
| 340000000 | Deposits Received | RP-34 | 28485.00 |
| 350000000 | Other Liabilities | RP-36 | 332363.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 29797387.00 |
| | Grand total | | 131624474.52 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3214496.00 |
| 220000000 | Administrative Expenses | RP-12 | 1037713.00 |
| 230000000 | Operations & Maintenance | RP-13 | 1648367.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7490752.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 36309543.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1580702.00 |
| 253000000 | Decentralised Plan Programme- Projects not | RP-18 | 583650.00 |

| | | | |
|---|---|---|---|
| | included in Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 857144.00 |
| 255000000 | Maintenance Projects | RP-20 | 2661124.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 7060.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1030000.00 |
| 280000000 | Prior Period item | RP-26 | -47739.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 454740.00 |
| 350000000 | Other Liabilities | RP-36 | 4821336.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -10120.00 |
| 311000000 | Earmarked Funds | RP-29 | 18000.00 |
| 330000000 | Secured Loans | RP-32 | 1360774.00 |
| 340000000 | Deposits Received | RP-34 | 17428.00 |
| 350000000 | Other Liabilities | RP-36 | 2463565.00 |
| 410000000 | Fixed Assets | RP-38 | 27771419.00 |
| 412000000 | Capital work in Progress | RP-40 | 71139.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1145041.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 37099067.52 |
| Cash | Cash | RP-40(b) | 38624.00 |
| | Grand Total | | 131624474.52 |

## <u>അനുബന്ധം-2-2 ഇൻകം & എക്സപെന്റിച്ചർ സ്റ്റേറ്റ്മെന്റ്</u>

| Kurumathoor Grama Panchayath<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7503783.00 |
| 130000000 | Rental Income from Panchayat / Municipal | I-3 | 29208.00 |

| | | | |
|---|---|---|---|
| | Properties | | |
| 140000000 | Fee & User Charges | I-4(b) | 1646021.00 |
| 150000000 | Sale & Hire Charges | I-5(b) | 200188.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 147459307.00 |
| 171000000 | Interest Earned | I-8 | 295687.00 |
| 180000000 | Other Income | I-9 | 22826.00 |
| | Total Income | | 157157020.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10549822.00 |
| 220000000 | Administrative Expenses | I-11(b) | 1037713.00 |
| 230000000 | Operations & Maintenance | I-12(b) | 1648367.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7964901.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 71640748.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1106553.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 583650.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 52216644.00 |
| 255000000 | Maintenance Projects | I-14(e) | 2661124.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 7060.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1030000.00 |
| 270000000 | Provisions and Write off | I-16 | 12742.00 |
| 272000000 | Depreciation | I-17(a) | 8534826.00 |
| | Total Expenditure | | 158994799.00 |
| | Gross Surplus/ Deficit of income over Expenditure | | -1837779.00 |
| 280000000 | Prior Period Item | I-18 | -349984.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -1487795.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Kurumathoor Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 11637221.52 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 29773.00 |
| 312000000 | Reserves | B-3 | 73958781.00 |
| | Total Reserve & Surplus | | 85625775.52 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8099088.00 |
| | Total Grants, Contributions for Specific Purposes | | 8099088.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 17362359.00 |
| | Total Loans | | 17362359.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 524701.00 |
| 350000000 | Other Liabilities | B-9 | 1169031.00 |
| | Total Current Liabilities and Provisions | | 1693732.00 |
| | TOTAL LIABILITIES | | 112780954.52 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 105268939.00 |
| 411000000 | Accumulated Depreciation | B-11 | -31524189.00 |
| 412000000 | Capital Work in Progress | B-11(a) | 71139.00 |
| | Total Fixed Assets | | 73815889.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 73237.00 |
| 440000000 | Pre-paid Expenses | B-16 | 422359.00 |
| 450000000 | Cash and Bank Balance | B-17 | 37137691.52 |
| 460000000 | Loans, Advances and Deposits | B-18 | 1311778.00 |
| | Total Current Assets, Loans and Advances | | 38945065.52 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 112780954.52 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.